'ഭരണഭാഷ – മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – സർക്കാർ വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്നതിനു കമ്പ്യൂട്ടറൈസ്ഡ് ബില്ലുകൾ നിർബന്ധമാക്കി പുറപ്പെടുവിച്ച ഉത്തരവ് – ജയിൽ വകുപ്പിന്റെ കാര്യത്തിൽ ജയിൽ ഉടമസ്ഥതയിലുള്ള fuel outlet കളെ കൂടി ചേർത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**ധനകാര്യ (വ്യയം–എ) വകുപ്പ്**

**സ.ഉ.(കൈ) നം.19/2026/ധന.** **തീയതി, തിരുവനന്തപുരം, 17.02.2026**

================================================================================

പരാമർശം : 1. 04.06.2025 തീയതിയിലെ സ.ഉ.(കൈ)നം.69/2025/ധന.
2. ജയിൽ വകുപ്പ് മേധാവിയുടെ 27.08.2025–ലെ KPCS/5328/2025–A2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സർക്കാർ വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്നതിനു കമ്പ്യൂട്ടറൈസ്ഡ് ബില്ലുകൾ നിർബന്ധമാക്കി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ജയിൽ വകുപ്പിലെ വാഹനങ്ങൾക്ക് നിലവിൽ തുടരുന്ന പ്രകാരം ജയിൽ പെട്രോളിയം ഔട്ട് ലെറ്റിൽ നിന്നും തുടർന്നും ഇന്ധനം നിറയ്ക്കുന്നതിന് മേൽ ഉത്തരവിൽ ജയിൽ വകുപ്പിന് ഇളവ് നൽകുന്നതിനായി ജയിൽ വകുപ്പ് മേധാവി അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജയിൽ വകുപ്പിന്റെ കാര്യത്തിൽ വാഹനങ്ങൾക്ക് പരാമർശം (1)–ൽ പരാമർശിച്ചിട്ടുള്ള fuel outlet–കളെ കൂടാതെ ജയിൽ വകുപ്പിന്റെ ഉടമസ്ഥതയിൽ പ്രവർത്തിച്ചു വരുന്ന fuel outlet–കളെ കൂടി ഉൾപ്പെടുത്തി പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1)–ലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആർ. ജ്യോതിലാൽ**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരളം, തിരുവനന്തപുരം.
3. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
4. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറിമാർ
5. എല്ലാ വകുപ്പ് മേധാവികൾക്കും
6. ആഭ്യന്തര (ബി) വകുപ്പ്
7. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
8. നോഡൽ ഓഫീസർ, www.finance.kerala.gov.in
9. പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം
10. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E.2612264)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ